## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടർ(മെഡിക്കൽ) ന്റെ നടപടിക്രമങ്ങൾ.

വിഷയം - ആരോഗ്യവകുപ്പ് -സേവനകാര്യം - ശ്രീമതി.ബ്രിജിത്ത്.കെ.വി ഹെഡ് നഴ്സ്, ഐ.സി.ഡി, മെഡിക്കൽ കോളേജ്, കോഴിക്കോട്- ഈ വകുപ്പിൽ നിലനിന്നിരുന്ന സീനിയോറിട്ടി സ്ഥാനം പുനഃക്രമീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന - (1) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കത്ത് നം. ജെ 3-5509/2016 തീയതി.12/04/2016.

(2) കോഴിക്കോട് മെഡിക്കൽ കോളേജ് ഐ.സി.ഡി സൂപ്രണ്ടിന്റെ കത്ത് നം.ഇ1-1712/2016/തീയതി.23/06/2016

(3) ഈ ഓഫീസ് ഉത്തരവ് നം.ഇ.എസ്3-59608/2007/ അ.വ.ഡ/തീയതി.24/12/2008.

(4) ഈ ഓഫീസ് ഉത്തരവ് നം.ഇ.എസ് 3-59608/2007/ അ.വ.ഡ/തീയതി.27/03/2009.

(5) ഈ ഓഫീസിലെ നോട്ടീസ് നം.ഇ.എസ് 3-34392/16 തീയതി.19/08/2016.

*ഉത്തരവ് നം.ഇ.എസ്3 34392/2016/ആ.വ.ഡ/തീയതി.* 23/9/2016

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 31/03/2011 നെ അടിസ്ഥാനമാക്കിയുള്ള ഹെഡ് നഴ്സ് സീനിയോറിട്ടി പട്ടികയിൽ തനിക്ക് അനുവദിച്ചിട്ടുള്ള സ്ഥാനത്തിൽ അപാകതയുണ്ടെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് കോഴിക്കോട് മെഡിക്കൽ കോളേജ് ഐ.സി.ഡി യിലെ ഹെഡ് നഴ്സായ ശ്രീമതി.ബ്രിജിത്ത്.കെ.വി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് ഓപ്ഷൻ നൽകി പോകുന്നതിനു മുൻമ്പ് ഈ വകുപ്പിൽ നിലനിന്നിരുന്ന ടിയാളുടെ സീനിയോറിട്ടി ക്രമം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും നിലനിർത്തിയ തിനാൽ ഈ വകുപ്പിൽ നിലനിന്നിരുന്ന ടിയാളുടെ സീനിയോറിട്ടി സ്ഥാനം സംബന്ധിച്ച യഥാർത്ഥ നില അറിയിക്കുന്നതിനായി ടിയാളുടെ അപേക്ഷയും അനുബന്ധ രേഖകളും സൂചന ഒന്ന് (1) കത്തു മുഖേന മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഈ ഓഫീസിലേക്ക് കൈമാറിയിരുന്നു. തുടർന്ന് ഈ വിഷയത്തിൽ തുടർനടപടിയായി ടിയാളുടെ സേവന വിവരങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വകുപ്പിൽ ടിയാൾക്ക് സ്റ്റാഫ് നഴ്സ് ഗ്രേഡ് 1, ഹെഡ് നഴ്സ് എന്നീ തസ്തികകളിൽ അനുവദിച്ചിട്ടുള്ള സീനിയോറിട്ടി സ്ഥാനത്തിൽ അപാകതയുള്ളതായി ബോധ്യപ്പെടുകയും പ്രസ്തുത അപാകത പരിഹരിച്ച് ടിയാളുടെ സീനിയോറിട്ടി സ്ഥാനം പുനഃനിർണ്ണയിക്കുവാൻ താൽക്കാലികമായി തീരുമാനിക്കുകയും ചെയ്തു. അപ്രകാരം ശ്രീമതി.ബ്രിജിറ്റിന്റെ സീനിയോറിട്ടി സ്ഥാനം പുനഃർനിർണ്ണയം ചെയ്യുന്നത് സംബന്ധിച്ച് താൽക്കാലിക തീരുമാനം സൂചന അഞ്ച് (5) നോട്ടീസ് മുഖേന പ്രസിദ്ധീകരിക്കുയും പ്രസ്തുത തീരുമാനത്തിൻ മേൽ അപേക്ഷകയ്ക്കോ മറ്റേതെങ്കിലും ജീവനക്കാർക്കോ ഏതെങ്കിലും തരത്തിലുള്ള ആക്ഷേപങ്ങളുള്ളപക്ഷം ആയതു സമർപ്പിക്കുവാൻ അവസരം നൽകുകയും ചെയ്തിരുന്നു. പ്രസ്തുത വിഷയത്തിൽ നാളിതുവരെ യാതൊരുവിധ അപ്പീലുകളും ലഭിച്ചിട്ടില്ല.

മേൽ വിവരിച്ച സാഹചര്യത്തിൽ ഈ പട്ടികയിൽ നിലനിന്നിരുന്ന ശ്രീമതി.ബ്രിജിത്ത്.കെ.വി ഹെഡ് നഴ്സിന്റെ സീനിയോറിറ്റി സ്ഥാനം പുനഃർനിർണ്ണയിക്കുന്നതിനുള്ള താൽക്കാലിക തീരുമാനം ഇതോടൊപ്പം ഉൾക്കൊള്ളിച്ചുള്ള അനുബന്ധം എ പട്ടികയിൽ വിശദീകരിച്ച പ്രകാരം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നു.

മേൽ സൂചന മൂന്ന് (3), നാല് (4) എന്നിവ പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റി പട്ടികകളിൽ മേൽ വിവരിച്ച പ്രകാരമുള്ള ഭേദഗതികൾ ഉൾപ്പെടുത്തുന്നതായിരിക്കും.

(ഒപ്പ്)
ഡോ.ശ്രീലത.ബി
അഡീഷണൽ ഡയറക്ടർ(മെഡിക്കൽ)

സ്വീകർത്താവ്

ശ്രീമതി.ബ്രിജിത്ത്.കെ.വി,
ഹെഡ് നഴ്സ്,
ഐ.സി.ഡി, മെഡിക്കൽ കോളേജ്
കോഴിക്കോട്.

പകർപ്പ്

(1) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
(2) സൂപ്രണ്ട്, ഐ.സി.ഡി മെഡിക്കൽ കോളേജ്, കോഴിക്കോട്.
(3) വെബ്സൈറ്റ് www.dhs.kerala.gov.in

//അംഗീകാരത്തോടെ//

സൂപ്രണ്ട്